# കാൽവരി എൽ. പി. സ്ക്കൂൾ കാൽവരിമൗണ്ട്

2025-2026

## <u>സ്ക്കൂൾ വിവരങ്ങൾ</u>

| | | |
|---|---|---|
| റവന്യൂ ജില്ല | : | ഇടുക്കി |
| സ്ക്കൂൾ കോഡ് | : | 30203 |
| സ്ക്കൂളിന്റെ പേര് | : | CLPS കാൽവരി മൗണ്ട് |
| പിൻ കോഡ് | : | 685515 |
| ഫോൺ | : | 85906 76186 |
| E-mail | : | clps 213017@gmail.com |
| ഗ്രാമപഞ്ചായത്ത് | : | കാമാക്ഷി |
| വിദ്യാഭ്യാസ ജില്ല | : | കട്ടപ്പന |
| ഉപജില്ല | : | കട്ടപ്പന |
| ക്ലാസുകൾ | : | പ്രീ പ്രൈമറി മുതൽ നാലാം ക്ലാസ് വരെ |
| മാനേജ്മെന്റ് | : | CMI കാർമൽ പ്രൊവിൻസ്,മൂവാറ്റുപുഴ |
| പഠനമാധ്യമം | : | മലയാളം,ഇംഗ്ലീഷ് |
| ബ്ലോക്ക് | : | ഇടുക്കി |
| താലൂക്ക് | : | ഇടുക്കി |

# ആമുഖം

പച്ചപ്പട്ടു വിരിച്ച്, സഹ്യസാനുക്കളാൽ നിബിഡമായ പ്രകൃതിരമണീയമായ കാൽവരിമൗണ്ട് ഗ്രാമത്തിന്റെ തിലകക്കുറിയായ കാൽവരി എൽ. പി സ്കൂൾ. ആദ്യകാല ഹൈറേഞ്ച് കുടിയേറ്റത്തിന്റെ അവസാനഘട്ടത്തിലാണ് കാൽവരിമൗണ്ട് പ്രദേശത്ത് കുടിയേറ്റക്കാരെത്തിയത്. 1957 മുതൽ കുടിയേറ്റശ്രമങ്ങൾ നടന്നുവെങ്കിലും അസഹ്യമായ ശീതക്കാറ്റും കോടമഞ്ഞു മണ്ണിന്റെ ഫലഭൂയിഷ്ഠിക്കുറവും ജനജീവിതം ദുസ്സഹമാക്കിത്തീർത്തു.
അങ്ങനെ നാളുകൾ നീണ്ട പോരാട്ടത്തിനൊടുവിൽ 1965 ൽ ജനങ്ങൾ ഈ പ്രദേ ശത്ത് സ്ഥിരതാമസം ആരംഭിച്ചു.1967 ൽ CMI വൈദികർ ഇവിടെയെത്തി പള്ളി തുടങ്ങി .

"പള്ളിയോട് ചേർന്ന് പള്ളിക്കൂടം" എന്ന ചാവറയച്ചന്റെ വാക്കുകൾ പിന്തുടർന്ന് 1968 ൽ സെന്റ്. ജോർജ്ജ് യു.പി സ്കൂൾ എന്ന കുടിപള്ളിക്കൂടം തുടങ്ങി .

എഴുപതുകളിൽ എയ്ഡഡ്, ഗവൺമെന്റ് വിദ്യാലയങ്ങൾക്കായി ശക്തമായ ജനമുന്നേറ്റങ്ങളും സമരങ്ങളും നടന്നു. അതിന്റെ ഫലമായി , 1979 ൽ എയ്ഡഡ് ഒന്നാം ക്ലാസ് അനുവദിച്ചാണ് എൽ. പി സ്കൂളിന്റെ തുടക്കം . 1982 ഓടെ നാലാം ക്ലാസ് ആരംഭിച്ച് സ്കൂൾ പൂർത്തിയാക്കി.

2007 ൽ സ്കൂളിനോട് ചേർന്ന് മാനേജ്മെന്റിന്റെ നേതൃത്വത്തിൽ പ്രീ പ്രൈമറി ആരംഭിക്കുകയും LKG, UKG കളായി 47 കുട്ടികളും 3 അധ്യാപകരും ഒരു ആയയും ചേർന്ന് പ്രവർത്തനങ്ങൾ ക്രമീകരിച്ചു വരുന്നു.

2003- 2004 സ്കൂളിന്റെ രജതജൂബിലി വർഷത്തോടനുബന്ധിച്ച് ശ്രീ .റോഷി അഗസ്റ്റിൻ ഒരു കമ്പ്യൂട്ടർ  നൽകി. ഇന്നും കാര്യക്ഷമമായ സാങ്കേതികവിദ്യയിലൂന്നിയ  പഠനപ്രവർത്തനങ്ങൾക്ക് പ്രോത്സാഹനവും പരിശീലനവും നൽകിയിരുന്നു .

കുട്ടികളുടെ മാനസിക- ഭൗതിക- വൈജ്ഞാനിക -കലാകായിക വികസനത്തിനായി നിരവധി വൈവിധ്യ മാർന്ന പ്രവർത്തനങ്ങൾ ഇവിടെ നടത്തി വരുന്നു.

## മാനേജ്മെന്റ്

സി എം ഐ മാനേജ്മെന്റിന്റെ ശക്തമായ നേതൃത്വത്തിൽ കാൽവരി എൽ പി സ്ക്കൂൾ മുന്നേറുന്നു. റവ.ഫാദർ ബിജു വെട്ടുകല്ലേൽ  കോർപ്പറേറ്റ് എജ്യൂക്കേഷണൽ സെക്രട്ടറിയും റവ. ഫാ. ഫിലിപ്പ് മണ്ണകത്ത് സ്ക്കൂൾ മാനേജരും ആണ്. ഹെഡ്മിസ്ട്രസ് സി. ജിയോ ടി ജോസഫ്. 8 ഡിവിഷനിലുകളിലായി 8 അധ്യാപകർ സേവനമനുഷ്ഠിക്കുന്നു.

## ദർശനം

ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ വിദ്യാഭ്യാസം നേടുന്നതിനും യാതൊരു വിവേചനവും കൂടാതെ പഠന പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനും ആധുനിക സാങ്കേതികവിദ്യയുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും നല്ല പഠനാന്തരീക്ഷവും പഠനോ പകരണങ്ങളുടെ ലഭ്യതയും ഉറപ്പാക്കുന്നു.

## ലക്ഷ്യങ്ങൾ

- *  കുട്ടികളുടെ സമഗ്രവികസനം
- *  ആസ്വാദ്യകരമായ പഠനാന്തരീക്ഷം
- *  കലാ -കായിക - പ്രവർത്തി പരിചയ  പ്രവർത്തനങ്ങൾ
- *  വിദ്യാലയ പഠന പി ന്തുണസംവിധാനങ്ങളുടെ ഏകോപനം
- *  അധ്യാപകർ ആധുനിക സാങ്കേതികവിദ്യയിലൂന്നിയ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നിരന്തരം ഗവേഷരാകുകയും ചെയ്യുന്നു.
- *  അധ്യാപക- രക്ഷകർത്തൃ ബന്ധം ദൃഢപ്പെടുത്തൽ.
- *  പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിചരണം / പ്രവർത്തനങ്ങൾ.

*  മികച്ച സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം.

## ദിനാചരണങ്ങൾ

### ജൂൺ 2025

ജൂൺ 1 പ്രവേശനോൽസവം

ജൂൺ 5 പരിസ്ഥിതി ദിനം

ജൂൺ 19 വായനാദിനം, വായന വാരാഘോഷം

ജൂൺ 26 ലഹരി വിരുദ്ധ ദിനം

**ജൂലൈ 2025**

ജൂലൈ 1 ദേശീയ ഡോക്ടർ ദിനം

ജൂലൈ 21 ചാന്ദ്രദിനം

ജൂലൈ 27 ഡോ. അബ്ദുൽ കലാം ചരമദിനം

**ആഗസ്റ്റ് 2025**

ആഗസ്റ്റ് 6 ഹിരോഷിമ ദിനം

ആഗസ്റ്റ് 9 നാഗസാക്കി ദിനം,, ക്വിറ്റ് ഇന്ത്യ

ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം

ആഗസ്റ്റ്17- കർഷകദിനം

ആഗസ്റ്റ് 29 ദേശീയ കായികദിനം

**സെപ്റ്റംബർ 2025**

സെപ്റ്റംബർ 5 അധ്യാപക ദിനം

സെപ്റ്റംബർ 16 ഓസോൺ ദിനം

**ഒക്ടോബർ 2025**

ഒക്ടോബർ 1 വയോജന ദിനം

ഒക്ടോബർ 2 ഗാന്ധി ജയന്തി

ഒക്ടോബർ 15 വിദ്യാർത്ഥി ദിനം, കൈകഴുകൽ ദിനം

ഒക്ടോബർ 16

ഒക്ടോബർ 24 പോളിയോ ദിനം

**<u>നവംബർ 2025</u>**

നവംബർ 1 കേരള പിറവി

നവംബർ 10 അന്താരാഷ്ട്ര ശാസ്ത്ര ദിനം

നവംബർ 11 വിദ്യാഭ്യാസ ദിനം

നവംബർ 12 ലോക പക്ഷി നിരീക്ഷണ ദിനം

നവംബർ 14 ശിശു ദിനം

നവംബർ 26 ഭരണഘടന ദിനം

**<u>ഡിസംബർ 2025</u>**

ഡിസംബർ 5 മണ്ണ് ദിനം

ഡിസംബർ 14 ഊർജ്ജ സംരക്ഷണ ദിനം

ഡിസംബർ 22 ദേശീയ ഗണിത ദിനം

ക്രിസ്തുമസ് ആഘോഷം

**<u>ജനുവരി 2026</u>**

ജനുവരി 26 റിപ്പബ്ലിക് ദിനം

ജനുവരി 30 രക്തസാക്ഷി ദിനം

**<u>ഫെബ്രുവരി 2026</u>**

ഫെബ്രുവരി 21 മാതൃഭാഷ ദിനം

ഫെബ്രുവരി 28 ദേശീയ ശാസ്ത്ര ദിനം

**<u>മാർച്ച് 2026</u>**

മാർച്ച് 8 വനിതാ ദിനം

മാർച്ച് 21 വനദിനം

മാർച്ച് 22 ജലദിനം

# ജൈവവൈവിധ്യ ഉദ്യാനം

ക്യാമ്പസ് പാഠപുസ്തകമാക്കുക എന്ന കാഴ്ചപ്പാട് യാഥാർത്ഥ്യമാക്കുന്നതിനുള്ള  പ്രവർത്തനങ്ങൾ

1. ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുക

2.ജൈവവൈവിധ്യ ഉദ്യാനവുമായി ബന്ധപ്പെട്ട ക്ലാസുകൾ സംഘടിപ്പിക്കുകയും വിവിധ പഠനപ്രവർത്തനങ്ങൾ തയ്യാറാക്കുകയും ചെയ്യുക.

3. ശലഭോദ്യാനം തയ്യാറാക്കൽ

4. ജലസംരക്ഷണ സംവിധാനം ഒരുക്കൽ

5. മണ്ണ് സംരക്ഷണ സംവിധാനം ഒരുക്കൽ

6. ആവാസവ്യവസ്ഥകൾ സംരക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കൽ

7. പക്ഷികളെ ആകർഷിക്കുന്നതിനുള്ള സംവിധാനങ്ങൾ

8. ജൈവവേലി നിർമ്മാണം

9. ചിൽഡ്രൻസ് പാർക്ക്

## പച്ചക്കറിത്തോട്ടം.

സ്ക്രൂൾ ഉച്ചഭക്ഷണ പരിപാടിയുമായി ബന്ധപ്പെടുത്തി സ്ക്രൂളിനോടു ചേർന്നുതന്നെ അധ്യാപകരുടെയും കുട്ടികളുടെയും പങ്കാളിത്തത്തോടെ പച്ചക്കറിത്തോട്ടം പരിപാലിച്ചു വരുന്നു.

## മഴവെള്ള സംഭരണി.

വേനൽക്കാലത്തേക്ക് ആവശ്യമായ ജലം ശേഖരിക്കുന്നതിനായി സ്ക്രൂളിന്റെ പുറകുവശത്തു മഴവെള്ളസംഭരണി തയ്യാറാക്കിയിട്ടുണ്ട്.

## മാലിന്യ സംസ്ക്കരണ സംവിധാനം

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സ്ക്രൂൾ പരിസരത്ത് ജൈവ, അജൈവ മാലിന്യങ്ങൾ വേർതിരിച്ച് സംസ്ക്കരിക്കുന്നതിനായി കമ്പോസ്റ്റ് പിറ്റ് തയ്യാറാക്കിയിട്ടുണ്ട്.

## സ്ക്രൂൾ ബസ്

സ്ക്രൂളിലേക്ക് കുട്ടികളെ എത്തിക്കുന്നതിനായി വിവിധ ഭാഗങ്ങളിലേക്ക് വാഹന സൗകര്യം ഒരുക്കിയിട്ടുണ്ട്.

## ലൈബ്രറി

കുട്ടികളുടെ വായനാശീലം വളർത്തുന്നതിനും വായന പരിപോഷിപ്പിക്കുന്നതിനും വിജ്ഞാനപ്രദവും രസകരവുമായി പുസ്തകങ്ങൾ അടങ്ങിയ ലൈബ്രറി തയ്യാറാക്കിയിട്ടുണ്ട്. ഓരോ ക്ലാസിനും കൃത്യമായ ഒരു രജിസ്റ്റർ ക്ലാസ് അധ്യാപകർ സൂക്ഷിക്കുകയും ചെയ്തു വരുന്നു. ക്ലാസ് ലൈബ്രറി, വായനാമൂല എന്നിവയുണ്ട്.

# വിവിധ ക്ലബുകൾ

## 1)സയൻസ് ക്ലബ്

കുട്ടികളിലെ ശാസ്ത്ര അഭിരുചി  വർധിപ്പിക്കുന്നതിനായി സയൻസ് ക്ലബ്ബ്  പ്രവർത്തിച്ചുവരുന്നു. ശാസ്ത്രപരീക്ഷണ മൂല,ഉപകരണങ്ങൾ, ചാർട്ടുകൾ. എന്നിവയുണ്ട്. വിദ്യാർത്ഥി പ്രതിനിധിയും അധ്യാപിക പ്രതിനിധിയും ഇതിന്റെ ഉത്തരവാദിത്വം വഹിക്കുന്നു.

## 2)ഗണിത ക്ലബ്

ലിറ്റിൽ മാസ്റ്റർ ഓഫ് മാത്സ് (5 കുട്ടികൾ ) ഗണിതശാസ്ത്രത്തിൽ മികവുള്ള കുട്ടികളെ കണ്ടെത്തുന്നു. ഗണിത റഫറൻസ് ബുക്കുകൾ, വർക്കിംഗ് മോഡൽ, ടിക് ഉപകരണങ്ങൾ, അബാക്കസ്, ജ്യാമിതീയരൂപങ്ങൾ, ഗണിതപാട്ടുകൾ, ഗണിത കണ്ടുപിടുത്തങ്ങൾ എന്നിവ ഗണിത ക്ലബ്ബിന്റെ ഭാഗമായി സൂക്ഷിച്ചു വരുന്നു.

## 3)ഹെൽത്ത് ക്ലബ്

ഹെൽത്ത് ക്ലബ്ബിന്റെ ഭാഗമായി കുട്ടികൾക്ക് കൗൺസിലിംഗ്, ബോധവൽക്കരണ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. ഡോക്ടർ, നേഴ്സ് എന്നിവരുമായി സേവനം പ്രയോജനപ്പെടുത്തുന്നു.

## 4)ആർട്ട് ക്ലബ്

ആർട്ട് ക്ലബ്ബിന്റെ ഭാഗമായി, കുട്ടികളുടെ കലാഭിരുചി വളർത്തുന്നതിനായി വിവിധ ഇനങ്ങളിൽ ( നൃത്തം, മ്യൂസിക്, ചിത്രരചന, ചെണ്ട വാദ്യം) എന്നിവയിൽപരിശീലനം നൽകി വരുന്നു. കൂടാതെ, കുട്ടികൾക്കായി വിവിധ മത്സരങ്ങളും പ്രോത്സാഹന പരിപാടികളും നൽകി വരുന്നു.

## 5) സയൻസ് &സോഷ്യൽ സയൻസ് ഫെസ്റ്റ്

ശാസ്ത്ര,സാമൂഹ്യ ശാസ്ത്രത്തിലെ വ്യത്യസ്ത വിഷയങ്ങൾ കണ്ടെത്തി നാടകം, പ്രസംഗം, ക്വിസ് എന്നിവയും ശാസ്ത്ര പരീക്ഷണങ്ങൾ, ശാസ്ത്രം മാഗസിൻ  എന്നിവ അധ്യാപകരുടെയും കുട്ടികളുടെയും നേതൃത്വത്തിൽ സംഘടിപ്പിച്ച് കുട്ടികളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നു.

## 6) English club

To enhance English learning, all activities include informal talks should be communicate in english. English fest, english newspaper presentation, role-play, poster making, vocabulary box,echolocation, recitation, puzzles, riddles, word card, sentence card, language games, class magazine etc. are the activities giving to learners.

## 7) വിദ്യാരംഗം കലാ സാഹിത്യ വേദി

കഥാകവിത രചനാ പരിശീലനം,പോസ്റ്റർ,ക്വിസ്, സാഹിത്യകാരൻമാരെ പരിചയപ്പെടുത്തൽ, പഴഞ്ചൊല്ല് പതിപ്പ് നിർമ്മാണം എന്നിവ നടത്തുന്നു.

## 8) കുട്ടികളുടെ ഹരിത സഭ

പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിനും ശരിയായ രീതിയിൽ പ്ലാസ്റ്റിക് നിർമാർജ്ജനം ചെയ്യുന്നതിനും പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുന്നതിനു വേണ്ടി കുട്ടികളുടെ ഹരിതസഭ പ്രവർത്തിക്കുന്നു.

## ബർത്ത് ഡേ കലണ്ടർ

അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ബർത്ത് ഡേ കലണ്ടർ രൂപപ്പെടുത്തി ബർത്ത് ഡേ ആഘോഷിക്കുന്നു.

## കായിക വിദ്യാഭ്യാസം

കായിക രംഗത്തോട് താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ പരിശീലനം നൽകുകയും ചെയ്യുന്നു.

## ഭിന്നശേഷി കൈത്താങ്ങ്

CWSN കുട്ടികളുടെ നിലവാരം ഉയർത്തൽ ഭിന്നശേഷിക്കാരായ കുട്ടികളെയും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെയും കണ്ടെത്തി, തുടക്കത്തിൽ തന്നെ ആവശ്യമായ പിന്തുണസഹായം നൽകുകയും റിസോഴ്സ് ടീച്ചറിന്റെ സേവനവും ആവശ്യമായ പഠനോപകരണങ്ങളും ലഭ്യമാകുന്നു.

## സഹവാസ ക്യാമ്പ്

നാലാം ക്ലാസ്സിലെ കുട്ടികൾക്കായി വർഷംതോറും സഹവാസ ക്യാമ്പ് സംഘടിപ്പിക്കുന്നു. കുട്ടികളിൽ സാമൂഹ്യബോധവും, പരസ്പര സഹകരണം, പങ്കുവെക്കൽ  മനോഭാവം, വ്യക്തിത്വ വികസനം തുടങ്ങിയവ വളർത്താൻ സഹവാസ ക്യാമ്പ് പ്രയോജനപ്പെടുന്നു.

## എൽ. എസ്. എസ് സ്കോളർഷിപ്പ് പരിശീലനം

പാഠ്യരംഗത്ത് കുട്ടികൾ ഉന്നത വിജയം കരസ്ഥമാക്കുക എന്ന ലക്ഷ്യത്തോടെ കാൽവരിയിലെ അധ്യാപകർ കുരുന്നുകൾക്ക് നല്ല

എൽഎസ്എസ് പരിശീലനം നൽകിവരുന്നു. എല്ലാവർഷവും മികച്ച സ്കോളർഷിപ്പ് നേടിയെടുക്കുവാൻ സാധിക്കുന്നു എന്നത് അഭിമാനാർഹമാണ്.

## ഭാഷാപരിപോഷണ പരിപാടി

### 1) മലയാളത്തിളക്കം

മലയാള ഭാഷയുടെ പ്രാധാന്യം, അക്ഷരജ്ഞാനം, സാഹിത്യ മേഖലയുടെ വികാസം, മലയാളഭാഷയോട് താല്പര്യം ജനിപ്പിക്കൽ എന്നിവയ്ക്ക് ഉതകുന്ന രീതിയിലെ പ്രവർത്തനങ്ങൾ.

### 2) ഗണിതം മധുരം

ഗണിതത്തിലെ വിഷമതകൾ നിറഞ്ഞ ആശയങ്ങളെ രസകരവും ആനന്ദപ്രദവും കുട്ടികൾക്ക് ആവേശകരവുമായി നടത്താൻ സഹായിക്കുന്ന പരിപാടികൾ.

### 3) Hello English

ENGLISH ഭാഷാവികാസം സാധ്യമാക്കുന്ന വ്യത്യസ്ത പ്രവർത്തനങ്ങൾ, ആശയങ്ങൾ, എന്നിവ ഉൾക്കൊള്ളുന്ന പരിപാടികൾ നടത്തുന്നു.

## അധ്യാപക രക്ഷകർതൃ വേദികൾ

സ്കൂളിന്റെ പ്രവർത്തനങ്ങളിൽ വിലമതിക്കാനാവാത്ത സേവനങ്ങൾ കാഴ്ചവയ്ക്കുന്നു.PTA, MPTA വേദികൾ സജീവമായി പ്രവർത്തിക്കുന്നു. അധ്യയനവർഷത്തിന്റെ ആരംഭത്തിൽ തന്നെ കൃത്യമായ പ്ലാനിങ്ങോടെ  PTA, MPTA അംഗങ്ങളെ തെരഞ്ഞെടുക്കുന്നു. നിശ്ചിത കാലയളവിൽ PTA മീറ്റിംഗ് നടത്തുന്നു.

## PMPOSHAN (ഉച്ചഭക്ഷണ  പോഷകാഹാര പരിപാടി)

ഉച്ചഭക്ഷണ പരിപാടി വളരെ വിജയകരമായി തുടർന്നുപോരുന്നു. എല്ലാ ദിവസവുംഉച്ചഭക്ഷണം തയ്യാറാക്കുകയും രണ്ട്  കറികൾ വീതം ഒരുക്കുകയും ചെയ്യുന്നു. അതുപോലെതന്നെ, ആഴ്ച്ചയിൽ രണ്ടു ദിവസം പാൽ, ഒരു ദിവസം മുട്ട  എന്നിവ കൃത്യമായി കുട്ടികൾക്കുലഭ്യമാക്കുന്നു.

## പച്ചക്കറിത്തോട്ടം

വിഷ രഹിത പച്ചക്കറികൾ ഉത്പാദിപ്പിക്കുക, അത് ഉച്ചഭക്ഷണത്തിന്റെ ഭാഗമാക്കുക, കുട്ടികളിൽ കാർഷിക അഭിരുചി വളർത്തുക, പീടികയുടെ സഹകരണം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ സ്ക്കൂളിൽ നല്ലൊരു പച്ചക്കറിതോട്ടം പരിപാലിച്ചുവരുന്നു.

## ഉപസംഹാരം

നാലര പതിറ്റാണ്ടായി കുഞ്ഞുങ്ങൾക്ക് അക്ഷരജ്ഞാനം പകർന്നുനൽകിയ കാൽവരി എൽ.പി.സ്ക്കൂൾ പഠന പ്രവർത്തനങ്ങളോടൊപ്പം തന്നെ കലാകായിക പ്രവൃത്തി പരിചയ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ പിന്തുണയും പരിശീലനങ്ങളും നൽകുകയും ചെയ്യുന്നു.

പഠനത്തോടൊപ്പം തന്നെ കുട്ടികളുടെ മാനസിക- ശാരീരിക - ബൗദ്ധിക - ഉല്ലാസ വികസനത്തിന് ഉതകുന്ന പ്രവർത്തനങ്ങളും പരിപോഷണ പരിപാടികളും ആസൂത്രണം ചെയ്യുന്നു...

# CLASS 1

## ENGLISH

Aim : To speak,read,and write .English using simple words.

Aim :Skills
Activities:
1) To develop listening skill and reading skill.
2) Picture reading, Description, riddles...
Support: Teachers and Parents
Month: June ,July

Aim: Reading skills.
Activities:
1) Find words from reading materials.
2) Rhyming words.
3) Describing words from the text book activities.
4) Reading simple poem.

Month: July , August

Aims: Writing skills.
Activities:
1) Picture description
2)Making word web
3) Write about himself/herself.
Month: September, October, November, December, January.

Aims: Speaking Skill
Activities:
1) Story telling .
2) Riddles
3)Conversation
Month: January, February, March

**മലയാളം**

പഠന നേട്ടം : അടിസ്ഥാന ഭാഷാശേഷി വികസനം

പ്രവർത്തനം
1) മുന്നറിവ് പരിശോധിക്കൽ
2) അക്ഷരപ്പാട്ടുകൾ
3) അക്ഷരങ്ങൾ ഉറപ്പിക്കൽ
4) ക്ലാസ് പരീക്ഷകൾ വിലയിരുത്തൽ

പ്രവർത്തന വിശദീകരണം
1) കുട്ടികളെ കൊണ്ട് അക്ഷരങ്ങൾ എഴുതിക്കൽ
2) അക്ഷരപ്പാട്ടുകളിലൂടെയും കളികളിലൂടെയും അക്ഷരങ്ങൾ ഉറപ്പിക്കൽ
3) ഓരോ ദിവസവും ഓരോ അക്ഷരങ്ങളും അവയുടെ വാക്കുകളും കുട്ടികളെ പരിചയപ്പെടുത്തുന്നു. ഓരോ ദിവസവും പരിചയപ്പെടുത്തുന്നവർ അടുത്ത ദിവസം പരീക്ഷയിലൂടെ വിലയിരുത്തുന്നു.

കാലയളവ്
ജൂൺ- മാർച്ച്

പഠനം നേട്ടം
വായനശേഷി വളർത്തൽ
പ്രവർത്തനം
1)ക്ലാസ് ലൈബ്രറി ഒരുക്കൽ
2) അമ്മമാർ കുട്ടിക്കഥകൾ അവതരിപ്പിക്കൽ
3) വായന കാർഡുകൾ
പ്രവർത്തന വിശദീകരണം
1) ചിത്രങ്ങളോട് കൂടിയ പുസ്തകങ്ങൾ ചേർത്ത് ലൈബ്രറി കുട്ടികൾക്ക് വിതരണം
2) അമ്മമാർ കുട്ടിക്കഥകൾ പറഞ്ഞുകൊടുക്കുന്നു കുട്ടികൾ അമ്മ പറഞ്ഞ കഥകൾ ക്ലാസ്സിൽ അവതരിപ്പിക്കുന്നു ഒരു ദിവസം ഒന്നോ രണ്ടോ കുട്ടികൾ
3) വായന കാർഡുകൾ കുട്ടികൾക്ക് നൽകുന്നു ക്ലാസ്സിൽ വായിക്കാൻ അവസരം നൽകുന്നു

കാലയളവ്
സെപ്റ്റംബർ -മാർച്ച്

പഠന നേട്ടം
3) ലേഖനശേഷി വർദ്ധിപ്പിക്കൽ
1) ചെറിയ വാക്യങ്ങൾ
2) ചെറു രചനകൾ
3) സംയുക്ത ഡയറി
4) പതിപ്പുകൾ

പ്രവർത്തന വിശദീകരണം
1) അക്ഷരം ചിഹ്നം ഇവ ഉറച്ച ശേഷം ചെറുവാക്യങ്ങൾ  സ്വയം എഴുതുന്നു.( ഓഗസ്റ്റ്- മാർച്ച്)
2) ചെറിയ കഥ കവിത ഇവ വ്യക്തിഗത രചനക്ക് അവസരം( ഒക്ടോബർ- മാർച്ച്)

3) സംയുക്ത ഡയറി അമ്മയോടൊപ്പം( സെപ്റ്റംബർ -മാർച്ച്)
4) രചനകൾ ഉൾപ്പെടുത്തി പതിപ്പുകൾ ( ഡിസംബർ- മാർച്ച്)

**ഗണിതം**

പഠന ലക്ഷ്യങ്ങൾ

നമ്മുക്ക് ചുറ്റും വിവിധ ആകൃതിയിലുള്ള വസ്തുക്കൾ ഉണ്ട്. അവ കണ്ടെത്തുന്നു തരംതിരിക്കുന്നു.

വസ്തുക്കളെ ആകൃതിക്കനുസരിച്ച് കൂട്ടങ്ങൾ ആക്കാം.

ചിത്ര പാറ്റേണുകൾ ആസ്വദിക്കുന്നു. തമ്മിലുള്ള ബന്ധം കണ്ടെത്തുന്നു.

ഗണിത പാട്ടുകൾ പാടാനും ആസ്വദിക്കാനും കഴിയുന്നു.

ചതുരം,വൃത്തം, ത്രികോണം, തിരിച്ചറിയുന്നു. ഉപയോഗിച്ചുള്ള ചിത്രങ്ങൾ വരയ്ക്കുന്നു.

1) ഒന്നുമുതൽ അഞ്ചുവരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു .എഴുതുന്നു.
2) അഞ്ചുവരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ്, എന്നിങ്ങനെ വിശദീകരിക്കുന്നു.
3) ഒന്നുമുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.
ലക്ഷ്യം: സംഖ്യാബോധം
പ്രവർത്തനം:

1) സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം.
2) സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു.
3)സംഖ്യാകാർഡ് നിർമ്മിക്കൽ
പിന്തുണ: അധ്യാപകർ, രക്ഷിതാക്കൾ
കാലയളവ്: ജൂൺ

ലക്ഷ്യം: വലിയ സംഖ്യ, ചെറിയ സംഖ്യ
പ്രവർത്തനം:
1) ഒന്നുമുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയാനുള്ള പ്രവർത്തനങ്ങൾ.
വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനം
കാലയളവ് :ജൂലൈ ആഗസ്റ്റ്

ലക്ഷ്യം :
1)സങ്കലന ക്രിയകൾ
പ്രവർത്തനംസംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ
2)രണ്ടക്ക സംഖ്യകൾ തമ്മിൽ സങ്കലനക്രിയകൾ നടത്തൽ
കാലയളവ്: സെപ്റ്റംബർ

സംഖ്യകൾ: സംഖ്യകൾ ഇരട്ട സംഖ്യകൾ
പ്രവർത്തനം :
1)ഒറ്റ സംഖ്യകൾ ഇരട്ട സംഖ്യകൾ തിരിച്ചറിയൽ
2)ഒന്നിടവിട്ട സംഖ്യകൾ ഒറ്റസംഖ്യ , ഇരട്ട സംഖ്യകൾ എന്ന തിരിച്ചറിവ് ഉണ്ടാക്കൽ
കാലയളവ് :ഒക്ടോബർ

ലക്ഷ്യം:സംഖ്യാ ഗാനങ്ങൾ
പ്രവർത്തനം:
1) സംഖ്യാ ഗാനങ്ങൾപാടുന്നു.
2) ഗണിത പ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കുന്നു.
കാലയളവ്: നവംബർ

ലക്ഷ്യം: വർക്ക് ഷീറ്റ്
പ്രവർത്തനം:
1)സംഖ്യകളെ സുന്ദരിയാക്കൽ
2)പാറ്റേണുകൾ

കാലയളവ്: ഡിസംബർ

ലക്ഷ്യം: വ്യവകലന ക്രിയകൾ
പ്രവർത്തനംഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങൾ
10-1=9, 10-2=8
കാലയളവ് :ജനുവരി

ലക്ഷ്യം:ചിഹ്നങ്ങൾ തിരിച്ചറിയൽ
പ്രവർത്തനം
1) സങ്കലനം (+)വ്യവകലനം(-) എന്നീ ചിഹ്നങ്ങൾ തിരിച്ചറിവ് നേടുന്നു.
കാലയളവ്: ഫെബ്രുവരി

ലക്ഷ്യം :ഗണിത കിറ്റ് പ്രവർത്തനങ്ങൾ
പ്രവർത്തനം:
1) ഗണിത കിറ്റ് പ്രവർത്തനങ്ങൾ ചെയ്യുന്നു.
സംഖ്യകൾ പകുതി, തുല്യം തിരിച്ചറിയൽ പ്രവർത്തനങ്ങൾ
ഗണിതപ്രവർത്തനം ഗണിത കിറ്റിലൂടെ .
കാലയളവ്: മാർച്ച്.

<u>CLASS II</u>

**English**

June, July

Aim : To speak read and write in English using simple words.

Activities :

1) To develop listening skills, writing  skills and reading skills.
2) picture reading, description,   conversation..add more lines
3) drawing pictures and writing symbol words

August, september
Aim:Readung skills

1) Rhyming words
2) Reading simple poem
3) conversation

October, November
Aims: Writing Skills

1) picture description
2) Poem writing

3) simple games
4) simple stories

December, January
Aims:Speaking skills

1)Story telling
2)Riddles
3)Conversation
4)Story writing

February, March
Aims:Speaking skills

1) comprehend and en joys simple stories
2) write thoughts of characters
3) story writing simple conversation
4) role play

**ഗണിതം**

ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് " ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും

തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക .തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം,വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.

സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.

ഗണിത ക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ

ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു. (100 ൽ താഴെ)

ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ

പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

മുന്നൊരുക്കം

ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

പ്രവർത്തന ലക്ഷ്യം

പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

ജൂൺ

1, 2, 3, 4 ......

1,3,5,7....
10,20,30,40,....
5,10,15,20....
2,4,6,8.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ

ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ,1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ .

ജൂലൈ

ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.

ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ

പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ
(5+5 = 10, 10+10= 20)

ആഗസ്റ്റ്

വിവിധ പാറ്റേണുകൾ രൂപീകരിക്കൽ

സംഖ്യകളുടെ പ്രതേകതകൾ കണ്ടെത്തൽ
99 നോട് 1 കൂട്ടിയാൽ 100
10 പത്തുകൾ ചേർന്നാൽ 100 ആകും
100 ഒന്നുകൾ ചേർന്നതാണ് 100

ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

സെപ്റ്റംബർ

ഗണിത ക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ

വിലവിവരപട്ടിക തയ്യാറാക്കൽ

ക്ലാസിലൊരുകട സ്ക്കുളിലൊരു കട.ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ
ഉറപ്പിക്കുന്നു.

ഒക്ടോബർ

രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു

സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ

സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)

**5...10.... 15.... 20... 25**

(5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)

നവംബർ

സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)

പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ

"ക്ലാസിനൊരു " കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ

നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യരൂപീകരിക്കൽ

10 രൂപ +5 രൂപ = 15 രൂപ

നോട്ട് നാണയം

ഡിസംബർ

സംഖ്യാബോധം തിരിച്ചറിവിൽ- സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.

സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)

രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

ജനുവരി

വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ

സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

ഫെബ്രുവരി

ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ

ഉല്ലാസ ഗണിതം **materials** ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

മാർച്ച്

കലണ്ടർ പതിപ്പ് തയ്യാറാക്കൽ

കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ

കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ

കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.

ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

**മലയാളം**

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്സ്തല 'മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്സിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.

ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം).

മുന്നൊരുക്കം

പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.

കുട്ടിയുടെ നിലവിലുള്ള അവസ്ഥ , കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണകുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

പ്രവർത്തന ലക്ഷ്യം

രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

ജൂൺ

ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)

ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ

. വായനാ സാമഗ്രികൾ നിർമിക്കൽ

വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

ജൂലൈ

ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.

ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.

സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

ആഗസ്റ്റ്

ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ

രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ

വീട്ടു ലൈബ്രറി ഒരുക്കൽ

ചിത്ര വിവരണം

വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

സെപ്റ്റംബർ

വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ

വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ

വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ

വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്ക്കാരം ചെയ്യൽ

ഒക്ടോബർ

കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ

വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണനന നൽകുന്നു
ഉദാ:- ആന
വലിയ ആന
കറുത്ത വലിയ ആന

നവംബർ

കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

ഡിസംബർ

ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

ജനുവരി

വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ കവിതാ പൂരണം)

ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

ഫെബ്രുവരി

എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ ഭാഷണം, ലേഖനം, എഴുത്ത് )

കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

മാർച്ച്

വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.

ഇൻലന്റ് മാഗസിൻഓരോ കുട്ടിയും തയ്യാറാക്കൽ

ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.

വീട്ടുവായന , കൂട്ടു വായന, നാട്ടു വായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.

ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

<u>CLASS III</u>

**ഗണിതം**

ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളെ കളികളായും സർഗാത്മക പ്രവർത്തനങ്ങളായും കണ്ണി ചേർത്തുകൊണ്ടാണ് ഗണിതപഠനം എന്ന രീതിയിലാണ് മൂന്നാം ക്ലാസ്സിൽ അവതരിപ്പിക്കുന്നത്. കുട്ടികളുടെ താൽപര്യവും ജിജ്ഞാസയും വളർത്താൻ ഉതകുന്ന വിധം പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട്. യുക്തിചിന്ത, വിശകലനാത്മക ചിന്ത, പ്രശ്നപരിഹാരം എന്നീ ശേഷികൾ കുട്ടികളിൽ രൂപപ്പെടുന്നതിന് ജ്യാമിതി സഹായകരമാണ്. അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ജ്യാമിതി പ്രയോജനപ്രദമാണ്. സ്ഥലപരവും ദിശാ പരവുമായ വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിലും ജ്യാമിതി വളരെ പ്രധാന പങ്കുവഹിക്കുന്നുണ്ട്.

ഒരക്കം മുതൽ മൂന്നക്കം വരെയുള്ള സംഖ്യകളെ കുട്ടികൾ ഇതിനോടകം തന്നെ പരിചയപ്പെട്ടിട്ടുണ്ട്. 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ നേടാനും നിത്യ ജീവിതത്തിൻറെ ഭാഗമായി നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യേണ്ടി വരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ അത് ഉപയോഗപ്പെടുത്താനും മൂന്നാം ക്ലാസ്സിലെ ഗണിത പഠന ലക്ഷ്യം വെക്കുന്നു.

നിത്യജീവിത സന്ദർഭങ്ങളിലെ മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർധാരണം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന് മൂന്നാം ക്ലാസിൽ ലക്ഷ്യമിടുന്നു. രണ്ട് മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ചെയ്യുന്നതിനുള്ള വ്യത്യസ്ത വഴികൾ പരിചയപ്പെടാനും

സന്ദർഭാനുസരണം സംഖ്യകളെ സ്ഥാന വിലയ്ക്ക് അനുസരിച്ച് പിരിച്ചെഴുതി സങ്കലനക്രിയ ഉപയോഗിച്ച് നിർധാരണം ചെയ്യാനും ലക്ഷ്യമിടുന്നു. മനഃ ഗണിതത്തിനു പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളുടെ സാധ്യതകളും ഉൾപ്പെടുത്തിയിട്ടുണ്ട് .

നീളം അളക്കുന്നതിനുള്ള ഏകകങ്ങളായ സെൻറീമീറ്റർ, മീറ്റർ എന്നിവ പരിചയപ്പെടുന്നതിന് അവസരം ഒരുക്കിയിരിക്കുന്നു. സ്കെയിൽ, ടാപ്പ് എന്നിവ ഉപയോഗിച്ച് നീളം കൃത്യമായി അളക്കാൻ ഉള്ള അവസരമാണ് കുട്ടികൾക്ക് ഒരുക്കുന്നത്. ഈ യൂണിറ്റുകൾ തമ്മിലുള്ള പരസ്പര ബന്ധം കണ്ടെത്താൻ പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണത്തിലൂടെ അവസരം ഒരുക്കിയിട്ടുണ്ട്. അളവുകൾ ഊഹിച്ച് പറയുന്നതിനും നീളം കൃത്യമായി അളക്കുന്നതിനും ധാരാളം അവസരങ്ങൾ ഉണ്ട്.

9 വരെ സംഖ്യകളുമായി ബന്ധപ്പെട്ട ഗുണന വസ്തുതകൾ സംബന്ധിച്ച ധാരണ കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു. പ്രായോഗിക പ്രശ്നങ്ങളും യൂണിറ്റിൽ അവതരിപ്പിക്കുന്നു. ഗുണന ചിന്ത യോടൊപ്പം ഗണന ചിന്ത വളർത്തുന്ന പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ജൂൺ - ജൂലായ്

യൂണിറ്റ് 1 - രൂപങ്ങൾ വരയ്ക്കാം

ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ ചതുരം വട്ടം ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്താൻ തോരണം നിർമാണം, തോണി നിർമ്മാണം (കളർ A4) വെജിറ്റബിൾ പ്രിൻറിംഗ് ചതുരം വട്ടം ത്രികോണം എന്നീ രൂപങ്ങൾ ചേർത്തുവെച്ച് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു.

ജൂലായ്, ആഗസ്റ്റ്

ഓരോ കുട്ടിക്കും കണക്കുപെട്ടി, ഗണിത ശിൽപ്പശാല നിർമ്മിക്കേണ്ടത്. 1 മുതൽ 100 വരെ എഴുതിയ ടോക്കൺ കളിനോട്ടുകൾ ഓരോ നോട്ടുകളും 10 എണ്ണം വീതം കമ്പ് കെട്ടുകൾ സംഖ്യാ സ്ട്രിപ്പുകൾ, അബാക്കസ് നിർമ്മാണം.

ആഗസ്റ്റ്, സെപ്റ്റംബർ
ലക്ഷ്യം
999 വരെയുള്ള സംഖ്യകളെ വ്യത്യസ്ഥ രീതിയിൽ വ്യാഖ്യാനിക്കുന്നു.
എല്ലാ കുട്ടികളിലും സംഖ്യാ ബോധം ഉളവാക്കുക.
പ്രവർത്തനം

സംഖ്യ പാറ്റേണുകൾ
നാണയങ്ങൾ
കളി നോട്ടുകൾ
പാറ്റേണുകൾ
വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ

ഒക്ടോബർ, നവംബർ
ലക്ഷ്യം: സങ്കലന വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക.

പ്രവർത്തനം

മനക്കണക്കുകൾ
നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

ഡിസംബർ, ജനുവരി
ലക്ഷ്യം :ഗുണന വസ്തുതകൾ നേടൽ
പ്രവർത്തനം

മനക്കണക്കുകൾ
മഞ്ചാടി കളി

ഫെബ്രുവരി,മാർച്ച്
ലക്ഷ്യം: ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ.
പ്രവർത്തനം
നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ...Ict വിഭവങ്ങൾ ഉപയോഗിച്ച്..

അക്കാദമിക് മാസ്റ്റർപ്ലാൻ

**മലയാളം**

ലക്ഷ്യങ്ങൾ:-

പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി എന്റെ കുട്ടികൾ എല്ലാവരും,

സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യമൂല്യങ്ങൾ സ്വാംശീകരിക്കും, അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.

കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.

രചനകൾ ഭവാത്മകമായി വായിക്കും.

ആസ്വദിച്ച ഭാഷാഘടകങ്ങൾ (കഥ, കവിത, നാടൻ പാട്ട്, കടങ്കഥ,

പഴഞ്ചൊല്ല്...മുതലായവ) ഹൃദിസ്ഥമാവുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.

ലഘുവായ സർഗാത്മക രചനകൾ നടത്തും. (കഥ, കവിത, ഡയറി, ചിത്രം)

. കഥകളെയും കവിതകളേയും മറ്റും  ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്ക്കരിക്കും.

ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്ക്കരിക്കും (വിവരണം, സംഭാഷണം)

ഇതിനായി ഞാൻ നടത്തുന്ന മുന്നൊരുക്കങ്ങൾ:-

ജൂൺ - ജൂലായ്

1. കനകച്ചിലങ്ക

നാടൻ പാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉള്ളത്)

പഴഞ്ചൊല്ലുകൾ ശേഖരണം

കഥാശേഖരം -

നാടൻ പാട്ടിലെയും കവിതയിലയും താളം (കവിത ചൊല്ലൽ )

കഥോത്സവം (നാടൻ കഥകളുടെ അവതരണം )

കടങ്കഥകൾ ശേഖരണം - കടങ്കഥ പതിപ്പ് - കടങ്കഥപ്പയറ്റ്

ആഗസ്റ്റ്, സെപ്റ്റംബർ

2. പലഹാരപ്പൊതി

കുട്ടികൾ വരച്ച ചിത്രങ്ങൾ ലൈബ്രറിയിൽ ഒരുക്കിവയ്ക്കൽ

ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കിവയ്ക്കൽ

ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം

പലഹാരമേള - പാചക കുറിപ്പ് തയ്യാറാക്കൽ

കത്തുകൾ മാതൃകകൾ

വിദ്യാലയം ശുചിത്വ പരിപാടി തയ്യാറാക്കൽ

സി പി ടി എ ഒന്നാം മികവുത്സവം

നാടോടിക്കഥകളുടെ അവതരണം നാടൻ പാട്ടുകളുടെ അവതരണം

ഒക്ടോബർ

**3.** മനുഷ്യന്റെ കൈകൾ

കൃഷിയിടം സന്ദർശനം

കൃഷിപ്പാട്ടുകൾ കൃഷിച്ചൊല്ലുകൾ അവതരണം

കുട്ടിക്കളികൾ:_ കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം,
പതിപ്പ് നാടൻ പാട്ട് അവതരണം

**English**

Learning Outcomes

Introducing new vocabularies
Ability to describe a picture.
Adding more exchanges in conversation.
Preparing posters.
Narrating story.
Make simple riddles.

Activities

Reading, reading cards
Finding out new words and meaning
Picture description
Conversation
Making posters for different themes
Narration, completing story
Adding more lines
Riddles
games, Action song, use ICT

Identity the naming words from the picture.
Identity the action words
Make simple sentence word about picture.

Growing sentences, picture reading, self introduction
Book reading
Rhyming words
make word web
TB activities

**പരിസര പഠനം**

ലക്ഷ്യം

**1)** പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക.

ജൂൺ - ഒക്ടോബർ പ്രവർത്തനങ്ങൾ

ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം

വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷ തൈ നടീൽ

നട്ടതിനെ പരിപാലിക്കൽ

പോസ്റ്റർ നിർമ്മാണം പ്രകൃതി സംരക്ഷണ പോസ്റ്റർ

**2)** കുട്ടികളെ വ്യക്തിശുചിത്വവും പരിസര ശുചിത്വവും ഉള്ളവരായി മാറ്റാം

ജൂൺ- മാർച്ച് പ്രവർത്തനങ്ങൾ

ഓരോ ദിവസവും വ്യക്തിശുചിത്വമുള്ള വരായേ സ്ക്കൂളിൽ വരാവൂ എന്ന ബോധ്യം ക്ലാസ്സ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.

കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവത്തെയും ചുമതല ഗ്രൂപ്പിനായി നൽകുന്നു.

ക്ലാസ്സ് തലത്തിൽ വ്യക്തി ശുചിത്വം പരിസര ശുചിത്വം എന്നിവയുടെ അടിസ്ഥാനത്തിൽ ഗ്രൂപ്പിന് പോയിന്റ് നൽകുന്നു

**3)** ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക.

ജനുവരി - മാർച്ച് പ്രവർത്തങ്ങൾ

ഫീൽഡ് ട്രിപ്പ്

നമ്മുടെ നാടിനെ അറിയാൻ ഫീൽഡ് ട്രിപ്പ് നടത്തുന്നു.

ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.

-- നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധ്യം ഉണ്ടാക്കുക.

പ്രവർത്തനം --- പ്രകൃതി നടത്തം സസ്യങ്ങളെ കുറിച്ച് പഠിക്കാൻ .

കാലയളവ് -- ജൂൺ , ജൂലൈ

പ്രകൃതി സംരക്ഷണം

-- മണ്ണ് , ജലം, വായു എന്നിവ സംരക്ഷിക്കുന്നതിന് ആവശ്യമായ പോസ്റ്ററുകൾ.

-- വിദ്യാലയത്തിൽ നിന്ന് പ്ലാസ്റ്റിക് നിർമ്മാർജ്ജനം.

കാലയളവ്  -- ഓഗസ്റ്റ്, സെപ്റ്റംബർ.

വ്യക്തി ശുചിത്വം

-- കൈകഴുകൽ പരിശീലനം

-- പോസ്റ്റർ നിർമ്മാണം

-- ശുചിത്വ സന്ദേശങ്ങൾ പ്രചരിപ്പിക്കൽ .

കാലയളവ്

സെപ്റ്റംബർ,  ഒക്ടോബർ

# CLASS IV

## മലയാളം

ലക്ഷ്യങ്ങൾ

ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന വർക്ക് പ്രത്യേക പരിഗണന

വായനാ ശേഷി വളർത്തൽ

ദിനാചരണങ്ങൾ.

എഴുത്ത് പരിപോഷിപ്പിക്കൽ

അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ

നമ്മുടെ പ്രാചിന ഭക്ഷണങ്ങൾ പരിചയപ്പെടൽ

സാഹിത്യകാരൻമാരെ അടുത്തറിയൽ
ഓർമ്മദിനങ്ങൾ ആചരിക്കൽ.

പ്രവർത്തനങ്ങൾ

പട്ടംനിർമ്മാണം,
പറത്തൽ
ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ - ലക്ഷ്യം നേടുന്നതു വരെ

വായിക്കാം വളരാം - കാലയളവ് - വർഷം മുഴുവൻ

- ക്ലാസ്സ് വായന
- ക്ലാസ്സ് ലൈബ്രറി
. പുസ്തക പരിചയം

: വായനാ കുറിപ്പ്

എഴുതാം തെളിയാം - വർഷം മുഴുവൻ

പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ

കണ്ടറിയാം, കേട്ടറിയാം - ആവശ്യാനുസരണം

പാഠ ഭാഗങ്ങളുമായി ബന്ധപ്പെട്ട വീഡിയോകൾ കാണിക്കൽ

രുചിയറിയാം - വർഷത്തിലൊന്ന്

ഭക്ഷ്യമേള

പാചകകുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം

ക്ലാസ്സിലൊരു സദ്യ

ഓർക്കാം - അഭിമാനിക്കാം - സാഹിത്യകാരൻമാർ

പതിപ്പ് നിർമ്മാണം, സാഹിത്യകാരൻമാർ - ആവശ്യാനുസരണം

കുട്ടികളുടെ സർഗ ശേഷികളുടെ പ്രകടനം _ വർഷത്തിലൊന്ന്.

കൈത്താങ്ങ്( CWSN കുട്ടികൾക്ക് )

ഭാഷ നൈപുണി വളർത്തൽ.

സഹകരണ സഹവർതിത്ത മാനോഭാവം.

ഗ്രൂപ്പ് പ്രവർത്തനങ്ങൾ, വ്യക്തിഗത പ്രവർത്തനങ്ങൾ.

പങ്കുവെക്കൽ മനോഭാവം.

പുസ്തക വായന.

പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾ.

**Class 4: പരിസരപഠനം**

( ജൂൺ---മാർച്ച്)

ലക്ഷ്യങ്ങൾ

പരിസര സൗഹൃദ മനോഭാവം വളർത്തുന്നു.

പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

രാജ്യ സ്നേഹം വളർത്തുന്നു.

സ്വാതന്ത്ര്യസമര അവബോധം.

പക്ഷികളോട് താല്പര്യവും സംരക്ഷണ മനോഭാവവും വളർത്തുന്നു.

ശാസ്ത്രാഭിരുചി വളർത്തൽ.

സഹകരണ, സഹവർത്തിത്ത മനോഭാവം വളർത്തുക.

അന്വേഷണാത്മ മനോഭാവം വളർത്തുക.

പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുക.

പ്രവർത്തനങ്ങൾ

പ്രകൃതി നടത്തം

ആൽബം തയ്യാറാക്കൽ

കയ്യെഴുത്തു മാസിക നിർമ്മാണം, പ്രദർശനം

ബോധവൽക്കരണ ക്ലാസുകൾ.

ഡ്രൈ ഡേ ആചരണം.

ഗ്രീൻ പ്രോട്ടോകോൾ -- അവബോധം നൽകൽ.

പക്ഷി നിരീക്ഷണ പ്രവർത്തനങ്ങൾ.

സ്വാതന്ത്ര്യ സമര ഡോക്കുമെന്റേഷൻ.

ശാസ്ത്രവുമായി ബന്ധപ്പെട്ട പ്രധാന ദിനങ്ങൾ ആചരിക്കൽ.

ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ.

പ്രഥമ ശുശ്രൂഷ പെട്ടി തയ്യാറാക്കൽ.

വാന നിരീക്ഷണം.

ഡെമോൺസ്ട്രേഷൻ.

വിവരശേഖരണങ്ങൾ ( വിവിധ വിഷയങ്ങൾ).

കൈത്താങ്ങ്(CWSN കുട്ടികകൾക്ക്).

പിടിഎ അംഗങ്ങളുടെ സഹായത്തോടെ ഡ്രൈ ഡേ ആചരണം.

TLM ( low cost, chart, ICT, flash cards, documentation, poster....)

ഗ്രൂപ്പ് പ്രവർത്തനം, വ്യക്തിഗത പ്രവർത്തനം.

ചർച്ച, സംവാദങ്ങൾ, പ്രസംഗം...

വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പ്രവർത്തനങ്ങളിലൂടെ പഠിതാക്കളിൽ ശാസ്ത്ര അവബോധവും താല്പര്യവും വളർത്തുന്നു. ഭാവി തലമുറയ്ക്കായി കരുതുന്നു, പ്രാപ്തരാക്കുന്നു.

## ENGLISH

<u>Objectives</u>

- To encourage active listening and speaking skills.
- To develop an English atmosphere that the children are engaging..
- To expand vocabulary for improved communication and comprehension.
- Ensure fluency in reading and writing.

- To equip students with effective written communication skills.
- To establish a solid understanding of language elements.
- To develop a love for reading and literature.
- To develop children's own stories and drafting books .
- To apply the language in day today life.

| Sl No | Name | Description | Period |
|---|---|---|---|
| 1 | English challenge. | We can-Creates an English atmosphere. Speak simple English sentences frequently.<br>Uses simple questions and lead to jokes. Prepare some story cards and short videos of it's reading . Share them in WhatsApp group. Celebrate a day in a week as English day. Paste some English words on walls, doors, shelf, benches, desks, tables etc .. Makes use of some action songs and games also. | June to March |
| 2 | English Assembly | Listening-Teacher talk Speaking-Prayer, pledge, news,riddles,diary, quotes of eminent leaders , reader's theatre etc | June to March |
| 3 | Speech Bubbles | Give chances for filling speech bubbles-eg-Isaac and and Dilna .<br>Gives more chances in the next coming units also. | From July 2nd Week |
| 4 | MEW | New words are introducing through pictures and appropriate sentences in different context to get it's meaning .Students have to keep them in notebooks as My English World. | June to March |
| 5 | Read and Rejoice | Tells simple English stories with proper actions and voice modulations. Gives more stories having great values like brave,unity,kindness, honesty etc…for reading. | Once in a Week |
| 6 | Picture Diary | Experience sharing and writing diary with suitable pictures. | From the end of June to March. |
| 7 | Hai English | Various club activities Eg-Reader's theatre | July to February. |
| 8 | My notice | Exhibits model notices.Leads to discussion and prepare school notices | July last week. |

| | | | |
|---|---|---|---|
| | | about major activities. | |
| 9 | Digi task | Teacher and students are calling each other through mobile phone . Shares feelings ,thoughts and events in English. | Frequently. |
| 10 | Picture dictionary (World of words ) | At the end of each unit Collect words , reorder them and create a picture dictionary. | At the end of each unit. |
| 11 | Creative space | Provide students with a set of story-related pictures. They should sequence the events and develop a meaningful story based on them. | Sargavela Periods. |
| 12 | Description | Gives different pictures to prepare a description (Describing words are introducing Occasionally. | July |
| 13 | Riddles..riddles .. | Teacher asks some riddles,eliciting peculiarities of a riddle and gives 'riddles making ' as a group work | July. |

## ഗണിതം

നിത്യജീവിതത്തിൽ ഗണിത പഠനത്തിന്റെ പ്രാധാന്യം വർധിച്ചു വരികയാണ് . ഗണിതത്തെ പ്രായോഗിക ജീവിതവുമായി ബന്ധപ്പെടുത്തി രസകരമായി അവതരിപ്പിച്ചാൽ നിർദ്ദിഷ് ട പഠനനേട്ടങ്ങൾ കൈവരിക്കാം..

## ലക്ഷ്യങ്ങൾ

- ➔ അടിസ്ഥാന ചതുഷ് ക്രിയകൾ ചെയ്യാൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- ➔ നാലാം ക്ലാസിൽ ഊന്നൽ നൽകിയ ഗണിതശേഷികൾ എല്ലാവരും നേടിയെന്ന് ഉറപ്പുവരുത്തുക .
- ➔ നിത്യജീവിതത്തിലെ ഗണിത പ്രശ്നങ്ങൾ പരിഹരിക്കാൻ കുട്ടികളെ കഴിവുള്ളവരാക്കുക
- ➔ ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിയുള്ള ഗണിത പഠനത്തിന് അവസരം നൽകുക
- ➔ യുക്തിചിന്ത വളർത്തൽ
- ➔ ഗണിത പഠനം ആസ്വാദ്യകരമാക്കൽ

ചുമതല : ക്ലാസ് ടീച്ചർ

## പ്രവർത്തനങ്ങൾ

| Sl. No | പ്രവർത്തനം | വിശദാംശം | സമയം |
|---|---|---|---|
| 1 | ഗണിത കിറ്റ് | എല്ലാ കുട്ടികളും രക്ഷിതാക്കളുടെ സഹായത്തോടെ വളപ്പൊട്ടുകൾ , 1,10,100 വീതം വരുന്ന ഈർക്കിൽ കമ്പുകെട്ടുകൾ , സംഖ്യാകാർഡുകൾ , സോഡാ മൂടികൾ , സ്പുളിങ്കുരു, വിവിധരൂപങ്ങൾ , കളിനോട്ടുകൾ, പൊട്ടുകൾ , ആവശ്യമില്ലാത്ത പേനകൾ എന്നിവ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കൽ . | ജൂൺ മുതൽ ജൂലായ് വരെ |
| 2 | പ്രീ ടെസ്റ്റ് | കൈവരിച്ച ഗണിത വിലയിരുത്തലും - ശേഷികളുടെ അടിസ്ഥാനത്തിൽ കുട്ടികളെ<br>വിലയിരുത്തൽ.<br>കൂടുതൽ പിന്തുണ ആവശ്യമായവരെ കണ്ടെത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ | ജൂൺ 20 to 26 |
| 3 | ജ്യാമിതിച്ചന്തം | ചുറ്റുപാടുമുള്ള ത്രിമാനരൂപങ്ങൾ തിരിച്ചറിയൽ,<br>ചതുരം ,സമചതുരം എന്നിവ അളന്ന് പ്രത്യേകതകൾ മനസ്സിലാക്കി നിഗമന രൂപീകരണം.<br><br>വർണ്ണക്കടലാസുകൾ കൊണ്ടുള്ള ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് ക്ലാസ് അലങ്കരിക്കൽ.<br><br>തീപ്പെട്ടിക്കമ്പ് ഉപയോഗിച്ച് ജ്യാമിതീയ രൂപങ്ങൾ ഉണ്ടാക്കൽ രക്ഷിതാക്കളെ ബോധ്യപ്പെടുത്തലും.<br><br>ജ്യാമിതീയ പാറ്റേൺ തയ്യാറാക്കൽ.<br><br>പേപ്പർ ക്യൂബ് നിർമിച്ച് വശങ്ങൾ തിരിച്ചറിയൽ.<br><br>ശിൽപ്പശാല- ടാൻഗ്രാം ഉപയോഗിച്ച് വ്യത്യസ്ത രൂപങ്ങൾ നിർമ്മിക്കൽ | ജൂൺ |
| 4 | സംഖ്യായനം | മൂന്നക്ക സംഖ്യകൾ ഉപയോഗിച്ച് 1000 രൂപീകരിക്കലും വ്യാഖ്യാനിക്കലും.<br><br>നാലക്ക സംഖ്യ 1000 മുതൽ 9999 | ജൂലായ് |

| | | | |
|---|---|---|---|
| | | വരെയുള്ള സംഖ്യാബോധം.<br><br>വിശാലമായ സ്ക്രൂൾ ലൈബ്രറി പ്രദർശിപ്പിച്ച് കുട്ടികളെ 5 ഗ്രൂപ്പുകളായി തിരിച്ച് സംഖ്യാ റിബൺ , സംഖ്യാ കാർഡുകൾ എന്നിവ നൽകി പുസ്തകങ്ങൾക്ക് തുടർച്ചയായി നമ്പർ കൊടുക്കൽ,<br><br>നാലക്കസംഖ്യകൾ ഉപയോഗിച്ചുള്ള സമാനമായ പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം | |
| 5 | Honesty shop | കുട്ടികൾക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങി ഹോണസ്റ്റി ഷോപ്പ് തയ്യാറാക്കൽ .. കുട്ടികൾ അവർക്ക് ആവശ്യമായ സാധനങ്ങൾ പൈസ കൊടുത്ത് ഹോണസ്റ്റി<br>ഷോപ്പിൽ നിന്ന് വാങ്ങി കണക്കു സൂക്ഷിക്കൽ , പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം . | ജൂലായ് മുതൽ ഫെബ്രുവരി വരെ |
| 6 | ഗണിതക്വിസ് | ഗണിത ക്വിസ് വിജയിയെ കണ്ടെത്തി സബ്ജില്ലാതല മത്സരത്തിന് തയ്യാറെടുപ്പുകൾ<br>ആരംഭിക്കൽ | ജൂലായ് |
| 7 | ചതുഷ്ക്രിയകൾ | ഡൈസുകൾ ,കളിനോട്ടുകൾ, സംഖ്യാ കാർഡുകൾ , മറ്റുപരിചിത സാധനങ്ങൾ എന്നിവ ഉപയോഗിച്ച് കളികളിലൂടെയും, പാട്ടുകളിലൂടെയും, ഗ്രൂപ്പ് വർക്കുകൾ നടത്തി ചതുഷ്ക്രിയകൾ ഉറപ്പിക്കൽ<br>.ഗണിതവിജയം<br>പ്രവർത്തനങ്ങളുടെ ഉപയോഗം .<br><br>മന:ക്കണക്ക്  പരിശീലനം | വർഷം മുഴുവൻ |